# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2550 19/06/2013 ൽ മറുപടി നൽകേണ്ടിയിരുന്നത്

## സോഷ്യൽ ട്രെയിനിംഗ് പ്രോഗ്രാം

| ചോദ്യം<br><br>ശ്രീ. വി. ശശി | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | 35 വയസ്സിൽ താഴെയുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് കമ്പ്യൂട്ടർ പഠനത്തിലൂടെ തൊഴിൽ ലഭ്യമാക്കുന്നതിനായി വകുപ്പ് നടത്തുന്ന എസ്.റ്റി.പി. യുടെ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) | ഗവ. ആർട്സ്, സയൻസ് കോളേജുകൾ, പോളിടെക്നിക്കുകൾ തുടങ്ങിയ സ്ഥാപനങ്ങൾ വഴി കെൽട്രോൺ 1300 പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതർക്ക് പരിശീലനം നൽകുന്നതിനായി Professional Diploma in computerised Instrumentation (PDCI), Professional Diploma in Network Engineering (PDNE) എന്നീ കോഴ്സുകളിൽ പരിശീലനം നൽകുന്ന പദ്ധതിയാണ് എസ്.റ്റി.പി. പദ്ധതി. |
| (ബി) | പ്രസ്തുത പരിപാടി നടപ്പാക്കാൻ നിശ്ചയിച്ചിട്ടുള്ള നോഡൽ ഏജൻസി ആരെന്ന് വെളിപ്പെടുത്താമോ ; ഈ ഏജൻസിയെ തെരെഞ്ഞെടുക്കുവാൻ അവലംബിച്ച നടപടിക്രമങ്ങൾ വിശദീകരിക്കാമോ ; ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വകുപ്പ് വഴി | (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ കെൽട്രോൺ എന്ന സ്ഥാപനത്തെ നോഡൽ ഏജൻസിയായി നിശ്ചയിച്ചിട്ടുണ്ട്. സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുക്കുന്നത്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെ പറയുന്ന പദ്ധതികൾക്ക് കെൽട്രോൺ എന്ന സ്ഥാപനത്തിനെ ചുമതലപ്പെടുത്തി |

| | | | |
|---|---|---|---|
| | നടപ്പാക്കുന്ന ഏതെല്ലാം പരിപാടികൾക്കാണ് പ്രസ്തുത ഏജൻസിയെ നിശ്ചയിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ; | | യിട്ടുണ്ട്.<br><br>1)ഫയർ ആന്റ് സേഫ്റ്റി<br>2)മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ<br>3)PG Diploma web application using free and open source platform.<br>4)PG Diploma in IT enabled service and BPO.<br>5)Keltron certified networking professional<br>6)Certificate programme in professional excellance<br>7)Diploma in Software Testing<br>8)PG Diploma in advanced embeded system Design. |
| (സി) | പ്രസ്തുത പദ്ധതിയിലൂടെ ഓരോ ജില്ലയിലും എത്ര പേർക്ക് വീതം പഠനം ഏർപ്പെടുത്തിയെന്നും പഠനശേഷം ഏത് യൂണിവേഴ്സിറ്റി/ബോർഡിന്റെ സർട്ടിഫിക്കറ്റ് ആണ് നൽകിയിട്ടുള്ളതെന്നും വെളിപ്പെടുത്താമോ; | (സി) | അനുബന്ധമായി ചേർക്കുന്നു. ബന്ധപ്പെട്ട സ്ഥാപനവും കെൽട്രോ ണും സംയുക്തമായാണ് സർട്ടിഫിക്കറ്റ് നൽകുന്നത്. |
| (ഡി) | സോഷ്യൽ ട്രെയിനിംഗ് പ്രോഗ്രാം വിഭാവനം ചെയ്യുതിൻ പ്രകാരം പഠനം വിജയകരമായി പൂർത്തിയാക്കിയ എത്ര പേർക്ക് തൊഴിൽ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ; | (ഡി) | 2011-12 വർഷത്തിൽ നടത്തിയ സോഷ്യൽ ട്രെയിനിംഗ് പ്രോഗ്രാം വിഭാവനം ചെയ്തതിൻ പ്രകാരം പഠനം വിജയകരമായി പൂർത്തിയാക്കിയ 1120 പേരിൽ 327 പേർക്ക് തൊഴിൽ ലഭിച്ചിട്ടു ണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഈ പരിപാടിയ്ക്കായി ബജറ്റിൽ വകകൊള്ളിച്ച തുകയെത്രയെന്നും ആയതിൽ എത്ര തുക ചെലവാക്കിയെന്നും വെളിപ്പെടുത്തുമോ ? | (ഇ) | കോർപ്പസ് ഫണ്ടിൽ നിന്നും 2011-12 ൽ 1,42,80,000/- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്